എ.വൈ.ആർ

സൂറഃ-9

# അത്തൗബ

وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ ۚ قُلْ
أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ ﴿٦٥﴾

**65.** എന്തിന് ഈ വിധം സംസാരിക്കുന്നുവെന്ന് ചോദിച്ചെങ്കിൽ തീർച്ചയായും അവർ പറയും: ഞങ്ങൾ വെടിപറഞ്ഞു രസിക്കുക മാത്രമായിരുന്നു. അവരോടു ചോദിക്കുക: അല്ലാഹുവിനോടും അവന്റെ സൂക്തങ്ങളോടും ദൂതനോടുമാണോ പരിഹാസം?

لَا تَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ ۚ إِن نَّعْفُ عَن طَائِفَةٍ
مِّنكُمْ نُعَذِّبْ طَائِفَةً بِأَنَّهُمْ كَانُوا مُجْرِمِينَ ﴿٦٦﴾

**66.** ഇപ്പോൾ ക്ഷമാപണം ചെയ്യേണ്ട. തീർച്ചയായും നിങ്ങൾ വിശ്വസിച്ചശേഷം നിഷേധിച്ചിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിനു നാം മാപ്പു നൽകിയാലും മറ്റൊരു വിഭാഗത്തെ ശിക്ഷിക്കുക തന്നെ ചെയ്യും. എന്തുകൊണ്ടെന്നാൽ അവർ മാപ്പർഹിക്കാത്ത കുറ്റവാളികളായിരിക്കുന്നു.

الْمُنَافِقُونَ وَالْمُنَافِقَاتُ بَعْضُهُم مِّن بَعْضٍ ۚ يَأْمُرُونَ بِالْمُنكَرِ وَيَنْهَوْنَ
عَنِ الْمَعْرُوفِ وَيَقْبِضُونَ أَيْدِيَهُمْ ۚ نَسُوا اللَّهَ فَنَسِيَهُمْ ۗ إِنَّ الْمُنَافِقِينَ
هُمُ الْفَاسِقُونَ ﴿٦٧﴾

**67.** കപടവിശ്വാസികളും കപടവിശ്വാസിനികളും ഒരേഗണത്തിൽപ്പെട്ടവരാകുന്നു. അധർമം കൽപിക്കുകയും ധർമം വിലക്കുകയും സ്വകരങ്ങൾ ചുരുട്ടിവെക്കുകയുമാകുന്നു അവരുടെ സ്വഭാവം. അല്ലാഹുവിനെ അവർ വിസ്മരിച്ചുകളഞ്ഞു. അതിനാൽ അവൻ അവരെയും വിസ്മരിച്ചിരിക്കുന്നു. തീർച്ചയായും കപടവിശ്വാസികൾ അധർമകാരികൾ തന്നെയാകുന്നു.

وَعَدَ اللَّهُ الْمُنَافِقِينَ وَالْمُنَافِقَاتِ وَالْكُفَّارَ نَارَ جَهَنَّمَ خَالِدِينَ
فِيهَا ۚ هِيَ حَسْبُهُمْ ۚ وَلَعَنَهُمُ اللَّهُ ۖ وَلَهُمْ عَذَابٌ مُّقِيمٌ ﴿٦٨﴾

**68.** കപടവിശ്വാസികൾക്കും കപടവിശ്വാസിനികൾക്കും തെളിഞ്ഞ സത്യനിഷേധികൾക്കും അല്ലാഹു വാഗ്ദത്തം ചെയ്തിട്ടുള്ളത് നരകാഗ്നിയാകുന്നു. അവരതിൽ നിത്യമായി വസിക്കും. അവർക്ക് അതുമതി. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. അവർക്ക് നിലനിൽക്കുന്ന ശിക്ഷയുണ്ട്.

وَلَئِن سَأَلْتَهُمْ= (എന്തിനീവിധം സംസാരിക്കുന്നുവെന്ന്) നീ അവരോടു ചോദിച്ചെങ്കിൽ لَيَقُولُنَّ= തീർച്ചയായും അവർ പറയും
إِنَّمَا كُنَّا نَخُوضُ وَنَلْعَبُ= ഞങ്ങൾ വർത്തമാനത്തിൽ ഏർപ്പെടുകയും വിനോദിക്കുകയും
(വെടിപറഞ്ഞു രസിക്കുക) മാത്രമായിരുന്നു എന്ന്

അവന്റെ സൂക്തങ്ങളോടുമാണോ =وَءَايَٰتِهِۦ അല്ലാഹുവിനോടാണോ =أَبِٱللَّهِ നീ പറയുക (അവരോടു ചോദിക്കുക) =قُلْ

നിങ്ങൾ(ളുടെ പരിഹാസം) പരിഹസിക്കുന്നവരായിരിക്കുന്നത് = كُنتُمْ تَسْتَهْزِءُونَ അവന്റെ ദൂതനോടുമാണോ = وَرَسُولِهِۦ

തീർച്ചയായും നിങ്ങൾ നിഷേധിച്ചിരിക്കുന്നു =قَدْ كَفَرْتُم നിങ്ങൾ ക്ഷമാപണം ചെയ്യേണ്ട =لَا تَعْتَذِرُوا۟

നാം മാപ്പുനൽകിയാൽ(ലും) = إِن نَّعْفُ നിങ്ങളുടെ വിശ്വാസത്തിനുശേഷം = بَعْدَ إِيمَٰنِكُمْ

നിങ്ങളിൽപെട്ട = مِّنكُمْ ഒരു വിഭാഗത്തിന്, ഗ്രൂപ്പിന് =عَن طَآئِفَةٍ

മറ്റൊരു വിഭാഗത്തെ, ഗ്രൂപ്പിനെ = طَآئِفَةً നാം ശിക്ഷിക്കും(ക്കുകതന്നെ ചെയ്യും) = نُعَذِّبْ

കുറ്റവാളികൾ = مُجْرِمِينَ ആയിരിക്കുന്നു = كَانُوا۟ എന്തുകൊണ്ടെന്നാൽ അവർ = بِأَنَّهُمْ

കപടവിശ്വാസികളും കപടവിശ്വാസിനികളും = ٱلْمُنَٰفِقُونَ وَٱلْمُنَٰفِقَٰتُ

അവർ ചിലർ ചിലരിൽനിന്നുള്ളവരാണ്(ഒരേഗണത്തിൽ പെട്ടവരാകുന്നു) = بَعْضُهُم مِّنۢ بَعْضٍ

അവർ ധർമം വിലക്കു(കയും)ന്നു = وَيَنْهَوْنَ عَنِ ٱلْمَعْرُوفِ അവർ അധർമം കൽപിക്കു(കയും)ന്നു = يَأْمُرُونَ بِٱلْمُنكَرِ

അവരുടെ (സ്വ) കരങ്ങളെ = أَيْدِيَهُمْ അവർ ചുരുട്ടിവെക്കുന്നു(ക്കുകയും ചെയ്യുകയാണ് അവരുടെ സ്വഭാവം) = وَيَقْبِضُونَ

അതിനാൽ അവൻ അവരെയും വിസ്മരിച്ചിരിക്കുന്നു = فَنَسِيَهُمْ അല്ലാഹുവിനെ അവർ വിസ്മരിച്ചു = نَسُوا۟ ٱللَّهَ

അവർ തന്നെയാകുന്നു = هُمُ തീർച്ചയായും കപടവിശ്വാസികൾ=إِنَّ ٱلْمُنَٰفِقِينَ

അധർമകാരികൾ, ധർമമാർഗത്തിൽ നിന്നുതെറിച്ചുപോയവർ = ٱلْفَٰسِقُونَ

കപടവിശ്വാസിനികൾക്കും = وَٱلْمُنَٰفِقَٰتِ അല്ലാഹു കപടന്മാർക്ക് വാഗ്ദാനം ചെയ്തു(യ്തിട്ടുള്ളത്) = وَعَدَ ٱللَّهُ ٱلْمُنَٰفِقِينَ

നരകാഗ്നിയെ(ആകുന്നു) = نَارَ جَهَنَّمَ തെളിഞ്ഞ സത്യനിഷേധികൾക്കും =وَٱلْكُفَّارَ

അത് = هِىَ അതിൽ അവർ നിത്യ(മായി വസിക്കും) വാസികളായ നിലയിൽ = خَٰلِدِينَ فِيهَا

അല്ലാഹു അവരെ ശപിച്ചിരിക്കുന്നു = وَلَعَنَهُمُ ٱللَّهُ അവർക്ക് മതി (ഉചിതമായ സ്ഥാനമാകുന്നു) = حَسْبُهُمْ

നിലനിൽക്കുന്ന, സ്ഥിരമായ =مُّقِيمٌ ശിക്ഷ = عَذَابٌ അവർക്ക് ഉണ്ട് = وَلَهُمْ

**65,66:** ഈ സൂക്തത്തിലും 69-ാം സൂക്തത്തിലും വന്നിട്ടുള്ള خاض എന്ന ക്രിയയുടെ ഉത്തമപുരുഷ ബഹുവചന വർത്തമാന രൂപമാണ് نَخُوضُ. ഈ പദത്തിന്റെ വിവിധ രൂപങ്ങൾ സൂറ *അന്നിസാഅ്* 140, *അൽഅൻആം* 68, 91 സൂക്തങ്ങളിൽ വന്നിട്ടുണ്ട്. അർഥം അവിടെ വിശദീകരിച്ചിരിക്കുന്നു. അനാവശ്യവും അനാശാസ്യവുമായ സംസാരത്തിലേർപ്പെടുകയാണ് ഇവിടെ ഉദ്ദേശ്യം. عذر-ൽ നിന്നുള്ള മധ്യമ പുരുഷ വർത്തമാന ബഹുവചന ക്രിയയാണ് تَعْتَذِرُوا۟. കുറ്റം മായ്ച്ചുകളയാൻ ശ്രമിക്കുകയാണ് عذرന്റെ മൗലികമായ ആശയം. ഇത് മൂന്ന് തരത്തിലാവാം. ഒന്ന്, കുറ്റം ചെയ്തിട്ടില്ലെന്ന് നിഷേധിക്കുക. രണ്ട്, ചെയ്തുവെന്ന് സമ്മതിച്ചുകൊണ്ട് അതിനു കാരണം ബോധിപ്പിക്കുക. മൂന്ന്, കുറ്റം സമ്മതിച്ചുകൊണ്ട് മാപ്പു ചോദിക്കുക. ഇവിടെ لَا تَعْتَذِرُوا۟ എന്നു പറഞ്ഞത്, ഒടുവിൽ പറഞ്ഞ രണ്ടർഥത്തിലുമോ രണ്ടാമത്തെ അർഥത്തിലോ ആവാം. ഞങ്ങൾ വെടിപറഞ്ഞു രസിക്കുകയായിരുന്നു എന്ന വാക്യം, അവരുടെ നടപടിക്കുള്ള ന്യായീകരണമാണ്; അല്ലാഹുവിനോടും അവന്റെ സൂക്തങ്ങളോടും ദൈവദൂതനോടുമാണോ പരിഹാസം എന്ന ചോദ്യം ആ ന്യായീകരണത്തിന്റെ ഖണ്ഡനവും.

കപടവിശ്വാസികൾ പ്രവാചകന് ദ്രോഹകരമായ വിധത്തിൽ വിമർശനങ്ങളും പരിഹാസോക്തികളും പ്രചരിപ്പിക്കുന്നതിനെക്കുറിച്ചു മുൻസൂക്തത്തിൽ സൂചിപ്പിച്ചുവല്ലോ. വിശ്വാസികളെന്ന് അവകാശപ്പെടുന്ന നിങ്ങൾ പിന്നെ എന്തുകൊണ്ടാണ് പ്രവാചകനെയും ഖുർആനെയും ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത് എന്ന് പ്രവാചകനോ വിശ്വാസികളോ ചോദിച്ചാൽ അവരുടെ മറുപടി ഇതായിരിക്കും: ഇല്ല, ഞങ്ങളൊരിക്കലും പ്രവാചകനെയും വേദവചനങ്ങളെയും പരിഹസിച്ചിട്ടില്ല. മനഃപൂർവം ഒരിക്കലും ഞങ്ങളിൽ നിന്നതുണ്ടാവില്ല. നിങ്ങൾക്ക് അങ്ങനെ തോന്നുന്ന വല്ലതും ഞങ്ങളുടെ വായിൽനിന്ന് വന്നിട്ടുണ്ടെങ്കിൽ അത് വെടിപറഞ്ഞു രസിക്കുന്നതിനിടയിൽ പറഞ്ഞ തമാശ മാത്രമാണ്. അതൊന്നും കാര്യമായി എടുക്കാതെ മാപ്പാക്കണം. പക്ഷേ, അവരുടെ ഈ ന്യായീകരണം അസ്വീകാര്യമാകുന്നു. അല്ലാഹുവും ദൈവദൂതനും സത്യവേദവുമൊന്നും വിനോദോപാധികളല്ല; മനുഷ്യൻ ഏറ്റം ഗുരുതരമായ കാര്യങ്ങളായി കാണുകയും ആദരവോടെ മാത്രം സമീപിക്കുകയും ചെയ്യേണ്ട കാര്യങ്ങളാണ്. അവയെ കളിതമാശയായി കൈകാര്യം ചെയ്യുന്നത് അവയോടുള്ള ധിക്കാരമാണ്. സത്യവിശ്വാസം അവകാശപ്പെടുന്ന വല്ലവരും അപ്രകാരം ചെയ്യുന്നുവെങ്കിൽ അവർ വിശ്വസിച്ചശേഷം നിഷേധികളായി മാറിയിരിക്കുന്നുവെന്നാണർഥം.

പ്രവാചകനെയും ഖുർആനെയും പരിഹസിച്ചു സംസാരിക്കുന്നവർ രണ്ടു തരക്കാരുണ്ട്. ഒന്ന്, അതിന്റെ ഗൗരവം മനസ്സിലാക്കാതെയും അതു കുറ്റകരമാണെന്നറിയാതെയും അങ്ങനെ ചെയ്യുന്നവർ. കുറ്റകരമാണെന്നറിഞ്ഞുകൊണ്ടു തന്നെയാണ് ചെയ്തതെങ്കിലും പിന്നീട് അതിൽ ഖേദിച്ചു പശ്ചാത്തപിക്കുന്നവരും ഇക്കൂട്ടത്തിൽ പെടുന്നു. പ്രവാചകനെ ദ്രോഹിക്കുകയും യഥാർഥ വിശ്വാസികളിൽ സന്ദേഹങ്ങൾ ജനിപ്പിച്ച് അവരുടെ വിശ്വാസം ക്ഷയിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മനഃപൂർവം പ്രവാചകനെയും ഖുർആനെയും ആക്ഷേപിക്കുന്ന

വരാണ് രണ്ടാമത്തെ വിഭാഗം. ഇതിൽ ആദ്യ വിഭാഗത്തിന് അല്ലാഹു മാപ്പുകൊടുത്തേക്കാമെങ്കിലും രണ്ടാമത്തെ വിഭാഗത്തിന് മാപ്പില്ല. കാരണം മനഃപൂർവം പ്രവാചകനെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും ദ്രോഹിക്കുകയും അതിൽതന്നെ ഉറച്ചു നിൽക്കുകയും ചെയ്ത കുറ്റവാളികളാണവർ. ഈ സൂക്തങ്ങളുടെ അവതരണ കാരണമായി പല സംഭവങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതിൽ ത്വബരിയും ഇബ്നുൽ മുൻദിറും ഖതാദയിൽനിന്നുദ്ധരിക്കുന്ന നിവേദനം ഇങ്ങനെയാണ്: ത്വബൂക്ക് യുദ്ധകാലത്ത് മുനാഫിഖുകൾ ഘോഷിച്ചുകൊണ്ടിരുന്നു. നോക്കൂ, റോമിലെ കോട്ടകളും കൊട്ടാരങ്ങളുമൊക്കെ ജയിച്ചടക്കിക്കളയാമെന്നാണ് ഇയാളുടെ പൂതി! ആ പൂതിയൊക്കെ എവിടന്ന് നടക്കാൻ! വിവരമറിഞ്ഞ നബി(സ) അവരുടെ അടുത്തുചെന്ന് 'നിങ്ങൾ ഇങ്ങനെയൊക്കെ പറഞ്ഞുവോ?' എന്ന് അന്വേഷിച്ചു. 'ഇല്ല; ഞങ്ങൾ വെടിപറഞ്ഞു രസിക്കുക മാത്രമായിരുന്നു' എന്നായിരുന്നു അവരുടെ മറുപടി. അതെത്തുടർന്ന് ഈ സൂക്തം അവതരിച്ചു.

ചില നിവേദനങ്ങൾ മാപ്പർഹിക്കാത്ത ആക്ഷേപകർക്ക് ഉദാഹരണമായി അബ്ദുല്ലാഹിബ്നു ഉബയ്യ്, വദീഅ്ബ്ൻ ഥാബിത് തുടങ്ങിയവരെ സൂചിപ്പിക്കുന്നുണ്ട്. മാപ്പുനൽകപ്പെട്ടവർക്ക് ഉദാഹരണമായി, മിഖശ്ശുബിൻ ഹിംയറിനെപ്പോലുള്ളവരെയും ചൂണ്ടിക്കാണിക്കുന്നു. ആദ്യം കപടവിശ്വാസികളുടെ കൂട്ടത്തിൽ ചേർന്ന് പ്രവാചകനെയും ഖുർആനെയും പരിഹസിച്ചിരുന്ന ഇദ്ദേഹം പിന്നീടതിൽ നിഷ്കളങ്കമായി പശ്ചാത്തപിക്കുകയും ദീനിനുവേണ്ടി രക്തസാക്ഷിയായി മരിക്കണമെന്നാഗ്രഹിക്കുകയും ചെയ്തിരുന്നു. യമാമ യുദ്ധത്തിൽ പങ്കെടുക്കവെ അദ്ദേഹത്തിന്റെ മോഹം സഫലമാവുകയും ചെയ്തു.

ഈ സൂക്തങ്ങളുടെ വെളിച്ചത്തിൽ നിയമപണ്ഡിതന്മാർ വിശ്വാസപരമായും കർമപരമായും താഴെ പറയുന്ന നിയമങ്ങൾ നിർധാരണം ചെയ്തിരിക്കുന്നു:

1) അല്ലാഹുവിനെയും ഖുർആനെയും റസൂലിനെയും സംബന്ധിച്ച് അവരുടെ പവിത്രതക്കു നിരക്കാത്ത രീതിയിൽ സംസാരിക്കാൻ പാടില്ല.

2) അല്ലാഹുവിനെയും ദീനിനെയും പരിഹസിക്കുകയോ പുഛിക്കുകയോ ചെയ്യുന്നത് ഈമാനിന്റെ അനിവാര്യതാൽപര്യമായ അല്ലാഹുവിനെ വന്ദിക്കലിന് വിരുദ്ധമാകയാൽ കുഫ്റ്-സത്യനിഷേധം- ആകുന്നു.

3) കുഫ്റ്-സത്യനിഷേധം- മനസ്സുകൊണ്ടല്ലാതെ വാക്കുകൊണ്ടും കർമം കൊണ്ടും സംഭവിക്കാം.

4) കപടവിശ്വാസത്തിൽനിന്നും കുഫ്റിൽനിന്നും തൗബ (പശ്ചാത്തപിച്ചു മടങ്ങൽ) ഉണ്ട്. നിഷ്കളങ്കമായി പശ്ചാത്തപിച്ചവർക്ക് മാപ്പു ലഭിക്കും. കാപട്യത്തിലും സത്യനിഷേധത്തിലും ഉറച്ചുനിൽക്കുന്നവരാണ് നരകാർഹരാവുക. ഇവയാണ് വിശ്വാസപരമായ നിയമങ്ങൾ.

കരാറുകൾ, കച്ചവട ഇടപാടുകൾ, വിവാഹം, വിവാഹമോചനം തുടങ്ങിയ കാര്യങ്ങളിൽ തമാശയായി പറയുന്ന വാക്കുകളുടെ നിയമപരമായ അവസ്ഥയാണ് കർമവുമായി ബന്ധപ്പെട്ട നിയമം. ഇതുസംബന്ധിച്ച് മൂന്നഭിപ്രായമാണ് പണ്ഡിതന്മാർക്കിടയിലുള്ളത്. തമാശയായി പറയുന്നതിന് ഒരു ഇടപാടിലും നിയമസാധുതയില്ല എന്നാണൊരഭിപ്രായം. അതായത്, ഒരാൾ തമാശയായി താൻ കരാർ പിൻവലിച്ചുവെന്നോ കച്ചവടം ദുർബലപ്പെടുത്തിയെന്നോ ഭാര്യയെ വിവാഹമോചനം ചെയ്തുവെന്നോ പറയുന്നതുകൊണ്ട് ഒന്നും സംഭവിക്കുന്നില്ല. തമാശക്ക് നിരുപാധികമായ നിയമസാധുതയുണ്ട് എന്നാണ് രണ്ടാമത്തെ വീക്ഷണം. ഇതനുസരിച്ച് താൻ ഭാര്യയെ ത്വലാഖ് ചെയ്തുവെന്ന് ഒരാൾ തമാശ പറഞ്ഞാൽ ഭാര്യ വിവാഹമുക്തയാകും. തമാശക്ക് വിവാഹത്തിലും വിവാഹമോചനത്തിലും നിയമസാധുതയുണ്ടെന്നും കച്ചവടാദി ഇടപാടുകളിൽ ഇല്ലെന്നുമാണ് മൂന്നാമത്തെ വീക്ഷണം. അതായത് ഒരാൾ തമാശയായി, എന്റെ വസ്തു നിങ്ങൾക്കു വിറ്റു എന്നുപറഞ്ഞാൽ സാധുവായ വിൽപന നടക്കുന്നില്ല. എന്നാൽ തമാശയായി, എന്റെ മകളെ നിങ്ങൾക്ക് വിവാഹം ചെയ്തുതന്നു എന്നും, തമാശയായി തന്നെ മറ്റേയാൾ സ്വീകരിച്ചു എന്നും പറഞ്ഞാൽ വിവാഹം സാധുവായി. തമാശയായി, ഞാൻ ഭാര്യയെ വിവാഹമോചനം ചെയ്തു എന്നു പറഞ്ഞാലും അപ്രകാരം തന്നെ. അബൂദാവൂദും തിർമിദിയും പ്രവാചകൻ പ്രസ്താവിച്ചതായി അബൂഹുറയ്റയിൽനിന്ന് ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസാണ് അവരുടെ പ്രമാണം: "മൂന്നുകാര്യങ്ങൾ, അതിൽ കാര്യവും കാര്യമാണ് തമാശയും കാര്യമാണ്. നികാഹും ത്വലാഖും റജ്അയും (ത്വലാഖ് ചെയ്ത ഭാര്യയെ തിരിച്ചുസ്വീകരിക്കൽ) ആണവ." ഇതാണ് ഏറെ പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ള നിലപാട്. എങ്കിലും തമാശകൾക്ക് യാതൊരു നിയമസാധുതയുമില്ല എന്ന ഒന്നാമത്തെ വീക്ഷണമാണ് സാമാന്യ ബുദ്ധിക്കും ശരീഅത്തിന്റെ ചൈതന്യത്തിനും കൂടുതൽ ഇണങ്ങുന്നത്.

വിവാഹവും വിവാഹമോചനവും മടക്കിയെടുക്കലും തമാശകൊണ്ട് സാധുവായ രീതിയിൽ സംഭവിക്കും എന്നതിനും തെളിവായി ഉന്നയിക്കപ്പെടുന്ന ഹദീസിൽ പറയുന്നതും, ആ കാര്യങ്ങളിൽ കാര്യവും കാര്യമാണ് തമാശയും കാര്യമാണ് എന്നാണ്. തമാശകൊണ്ട് ഈ മൂന്ന് കാര്യങ്ങളും സാധുവായ നിലയിൽ സംഭവിക്കും എന്നല്ല. നികാഹും ത്വലാഖും മടക്കിയെടുക്കലും കളിക്കേണ്ട കാര്യങ്ങളല്ല; അതിൽ പറയുന്ന തമാശകളും ഗൗരവമുള്ളതാണ് എന്നാവാം പ്രവാചകൻ ഉദ്ദേശിച്ചത്. ഞാൻ ഇന്നവളെ വിവാഹം ചെയ്തുവെന്നോ ഭാര്യയെ ത്വലാഖ് ചെയ്തുവെന്നോ വെറുതെ പറയുന്നത് ആശാസ്യമായ തമാശയല്ല. വിവാഹബന്ധത്തിന്റെ പവിത്രതക്കും വിവാഹ മോചനത്തിന്റെ ഗൗരവത്തിനും മങ്ങലേൽപിക്കുന്ന നടപടിയാണത്. എങ്കിലും വിവാഹവും വിവാഹമോചനവും ഉദ്ദേശിക്കാത്തേടത്തോളം അതുവഴി അതുരണ്ടും നിയമപരമായി സംഭവിക്കുന്നില്ല. കർമങ്ങൾ ഉദ്ദേശ്യത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു. انّما الاعمال بالنّيات എന്ന് നബി(സ) സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്.

**67,68:** بَعْضُهُم مِّنۢ بَعْضٍ എന്ന വാക്കിനെയാണ്, ഒരേഗണത്തിൽ പെട്ടവർ എന്ന് തർജമചെയ്തിട്ടുള്ളത്. വംശപരമായ ഏകതയല്ല ഇതുകൊണ്ട് വിവക്ഷിക്കുന്നത്; സ്വഭാവത്തിലും ചര്യയിലുമുള്ള ഐകരൂപ്യമാണ്. قبض എന്ന ക്രിയയിൽനിന്നുള്ളതാണ് يَقْبِضُونَ. കൈപ്പിടിയിലൊതുക്കുകയാണ് قبضന്റെ മൗലികമായ അർഥം. പിടിച്ചെടുക്കുക, സങ്കോചിപ്പിക്കുക, അധീനതയിലാക്കുക തുടങ്ങിയ അർഥങ്ങളിലും ഇത് ഉപയോഗിക്കുന്നു. قَبَضَهُ الله എന്നാൽ, അല്ലാഹു അയാളുടെ ജീവൻ പിടിച്ചെടുത്തു. قبض يده എന്നാൽ, അയാൾ കൈ സങ്കോചിപ്പിച്ചു അഥവാ പിശുക്കുകാട്ടി. ഈ അർഥത്തിലാണ് ഇവിടെ يَقْبِضُونَ أَيْدِيَهُمْ എന്നു പറഞ്ഞിരിക്കുന്നത്. نَسُوا۟ ٱللَّهَ അവർ അല്ലാഹുവിനെ മറന്നു എന്നതിന്റെ ആശയം, അല്ലാഹുവിനെ ഭയപ്പെടാതെ അവന്റെ വിധിവിലക്കുകൾ അവഗണിച്ചു. فَنَسِيَهُمْ (അല്ലാഹു അവരെയും മറന്നു) എന്നാൽ, അല്ലാഹു അവന്റെ അനുഗ്രഹങ്ങളിൽനിന്നും കാരുണ്യത്തിൽനിന്നും അവരെ പുറംതള്ളി എന്നും. സൂക്തങ്ങളുടെ താൽപര്യമിതാണ്: കപടവി

ശ്വാസികൾ അവർ സ്ത്രീകളാവട്ടെ, പുരുഷന്മാരാവട്ടെ, ഈമാനിനു -സത്യവിശ്വാസത്തിന്- വിരുദ്ധമായ സ്വഭാവചര്യകളനുവർത്തിക്കുന്നതിൽ ഒരേതരക്കാരാണ്. സത്യവിശ്വാസികളുടെ ദൗത്യം ആളുകളെ നന്മയിലേക്ക് ക്ഷണിക്കുകയും ധർമം കൽപിക്കുകയും അധർമം വിലക്കുകയുമാണെന്നു ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ഉദാ: 3:104 സൂക്തം. ഈ സൂറയിലെ 71-ാം സൂക്തത്തിലും അത് ആവർത്തിച്ചിരിക്കുന്നു. ഇതിനു നേർ വിപരീതമായിരിക്കും കപടവിശ്വാസികളുടെ സ്വഭാവം. അധർമങ്ങളാണ് അവർ ജനങ്ങളോട് കൽപിക്കുക. منكر എന്നാണ് മൂലത്തിൽ ഉപയോഗിച്ച പദം. ശരീഅത്ത് വെറുക്കുന്നതും വിലക്കുന്നതും, സാമാന്യ ബുദ്ധിയും വൈകല്യമില്ലാത്ത മനുഷ്യ പ്രകൃതിയും അംഗീകരിക്കാത്തതുമായ കാര്യം എന്നാണ് منكرനെ പണ്ഡിതന്മാർ നിർവചിച്ചിട്ടുള്ളത്. വഞ്ചന, മോഷണം, അസത്യഭാഷണം തുടങ്ങിയവ ഉദാഹരണം. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു നബിവചനത്തിൽ പറയുന്നു: **آية المنافق ثلاث إذا حدث كذب إذا وعد أخلف وإذا إئتمن خان** (കപടവിശ്വാസിക്ക് മൂന്ന് ലക്ഷണങ്ങളുണ്ട്: സംസാരിച്ചാൽ കള്ളം പറയുക, വാഗ്ദത്തം ചെയ്താൽ ലംഘിക്കുക, വിശ്വസിച്ചാൽ വഞ്ചിക്കുക). വിശ്വാസികൾ ധർമം കൽപിക്കുമ്പോൾ കപടന്മാർ ധർമം വിലക്കുന്നു. **معروف** എന്നാണ് മൂലപദം. അറിയപ്പെട്ടത് അഥവാ പൊതുവിൽ അംഗീകരിക്കപ്പെട്ട ധർമം, ന്യായം എന്നാണ് അർഥം. 'ദൈവിക ശരീഅത്ത്' കൽപിക്കുന്നതും മനുഷ്യ പ്രകൃതിയും ബുദ്ധിയും അംഗീകരിക്കുന്നതുമായ കാര്യം എന്നാണ് പണ്ഡിതന്മാർ നൽകിയിട്ടുള്ള നിർവചനം. സ്നേഹം, ദയ, ദാനധർമം തുടങ്ങിയവ ഉദാഹരണം. പ്രവാചകന്റെ കൂടെയുണ്ടായിരുന്ന പാവങ്ങൾക്ക് ദാനം ചെയ്യുന്നതിൽനിന്ന് മദീനക്കാരെ കപടവിശ്വാസികൾ വിലക്കിയതായി 63:7-ൽ പറയുന്നു:

هُمُ ٱلَّذِينَ يَقُولُونَ لَا تُنفِقُوا۟ عَلَىٰ مَنْ عِندَ رَسُولِ ٱللَّهِ حَتَّىٰ يَنفَضُّوا۟ ۗ

(ദൈവദൂതന്റെ അടുക്കലുള്ളവർക്ക് ധനവ്യയം ചെയ്യാതിരിക്കുവിൻ, അങ്ങനെ അവർ അദ്ദേഹത്തെ വെടിഞ്ഞ് പിരിഞ്ഞുപോകട്ടെ എന്നു പറയുന്നത് അവർ (കപടന്മാർ) ആകുന്നു).

സദാ അല്ലാഹുവിനെ ഓർക്കുകയും ഭക്തിപൂർവം അവന്റെ വിധിവിലക്കുകളനുസരിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികളെങ്കിൽ, അല്ലാഹുവിനെ മറക്കുകയും അവന്റെ വിധിവിലക്കുകൾ തള്ളിക്കളഞ്ഞ് തന്നിഷ്ടങ്ങളനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് കപടവിശ്വാസികൾ. അതിനാൽ അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്നും കാരുണ്യത്തിൽനിന്നും അവരെ തള്ളിക്കളയുന്നു. സത്യത്തിന്റെ പാതയിൽ ചരിക്കുന്നവരാണ് യഥാർഥ വിശ്വാസികൾ. കപടവിശ്വാസികൾ ആ പാതയിൽനിന്ന് തെറിച്ചുപോയവരാണ്. അതിനാൽ കപടന്മാർക്ക് അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളത് നരകമാണ്. അതുതന്നെയാണ് അവരുടെ കർമങ്ങൾക്ക് ഉചിതമായ പ്രതിഫലം. വിശ്വാസികൾ അല്ലാഹുവിനാൽ അനുഗ്രഹിക്കപ്പെട്ടവരാണെങ്കിൽ കപടന്മാർ ശപിക്കപ്പെട്ടവരാണ്. വിശ്വാസികളുടെ കർമഫലം ശാശ്വത സ്വർഗമാണെങ്കിൽ കപടന്മാർക്കുള്ളത് സ്ഥിരമായ ശിക്ഷയാണ്. സ്ഥിരമായ ശിക്ഷ- عَذَابٌ مُّقِيمٌ - കൊണ്ട് വിവക്ഷ ആദ്യം സൂചിപ്പിച്ച ശാശ്വത നരകം തന്നെയാവാം; അല്ലെങ്കിൽ നരകാഗ്നിക്കു പുറമെ സ്ഥിരമായി അനുഭവിക്കേണ്ട വേറെയും പീഡനങ്ങൾ അവർക്കുണ്ട് എന്നുമാവാം. ■